# കേന്ദ്രസർക്കാർ അധികസഹായം നൽകണം: ജനപ്രതിനിധികൾ

**കൊച്ചി**

കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടില്ലാത്ത മഴക്കെടുതിക്കും വെള്ളപ്പൊക്കത്തിനും കേന്ദ്ര സർക്കാർ അധികസഹായം നൽകണമെന്ന് ഒറ്റക്കെട്ടായി ജനപ്രതിനിധികൾ കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിങ്ങിനോട് ആവശ്യപ്പെട്ടു.

പ്രളയബാധിത മേഖലകൾ സന്ദർശിച്ച ശേഷം നെടുമ്പാശേരി ഗോൾഫ് കോഴ്സിൽ ഉദ്യോഗസ്ഥതല അവലോകനയോഗത്തെ തുടർന്ന് നടന്ന ജനപ്രതിനിധികളുടെ യോഗത്തിലാണ് എംപിമാരും എംഎൽഎമാരും അധിക കേന്ദ്ര സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടത്. മുൻപുണ്ടാകാത്ത ദുരന്തമാണ് കേരളം നേരിടുന്നതെന്നും മുൻപില്ലാത്ത വിധമുള്ള കേന്ദ്ര സഹായം ആവശ്യമാണെന്നും കെ വി തോമസ് എംപി ആവശ്യപ്പെട്ടു.

കേന്ദ്രത്തിൽനിന്ന് അധികസഹായം ലഭ്യമാക്കണമെന്നും മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്നും ജോയ്സ് ജോർജ് എംപി ആവശ്യപ്പെട്ടു. സാമ്പത്തിക മേഖലയിൽ വലിയ ആഘാതമാണ് ദുരന്തത്തെ തുടർന്നുണ്ടാകുക. കൃഷി, വിനോദസഞ്ചാര മേഖലകളെ ദുരിതം ബാധിച്ചു. കേരളത്തിന് പ്രത്യേക പാക്കേജ് അനുവദിക്കണമെന്നും അദ്ദേഹം പറഞ്ഞു.

യോഗത്തിൽ പങ്കെടുത്ത എംഎൽഎമാരും ആവശ്യപ്പെട്ടു. വലിയ കെടുതിയാണ് കേരളം നേരിട്ടതെന്നും കേരളത്തിനായി പ്രത്യേക ദുരിതാശ്വാസ പാക്കേജ് അനുവദിക്കണമെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും ആവശ്യപ്പെട്ടു. ഇന്ന… ന്റ് എംപി, എംഎൽഎമാരാ… അൻവർ സാദത്ത്, വി കെ ഇബ്ര… ഹിംകുഞ്ഞ്, വി ഡി സതീശ… ഹൈബി ഈഡൻ, റോജി. എ… ജോൺ എന്നിവരും യോഗത്തി… പങ്കെടുത്തു.

**Desabhimani**
**13 August 2018**
**Kochi;Government should provide Additional Assistance; People’s Representatives**